കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **226/2026** തീയതി : **29/10/2026**

പത്രക്കുറിപ്പ്

പരീക്ഷാഫലം

കേരള സർവകലാശാല 2025 നവംബറിൽ വിജ്ഞാപനം ചെയ്ത രണ്ടാം സെമസ്റ്റർ എംഎസ്.സി. സുവോളജി പരീക്ഷയുടെ (മേഴ്സിചാൻസ്) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷ 2026 നവംബർ 5 വരെ www.exams.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഏപ്രിലിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ (മേഴ്സിചാൻസ്) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷ 2026 നവംബർ 6 വരെ www.exams.keralauniversity.ac.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഏപ്രിൽ മാസത്തിൽ നടത്തിയ M.P.E.S (2020 സ്കീം) രണ്ടാം സെമസ്റ്റർ (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. സി.ബി.സി.എസ്.എസ്. (മേഴ്സിചാൻസ് – 2010, 2011 & 2012 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 നവംബർ 13 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം 2026 ഡിസംബർ 2 മുതൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഒന്നും രണ്ടും സെമസ്റ്റർ (റെഗുലർ - 2025 അഡ്മിഷൻ, സപ്ലിമെന്ററി – 2023 & 2024 അഡ്മിഷൻ) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ടൈംടേബിൾ

കേരള സർവകലാശാല നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. ന്യൂ ജനറേഷൻ ഡബിൾ മെയിൻ സെപ്റ്റംബർ 2026 ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട്-വൈവ വോസി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ 2026–27 നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന

കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ 2026–27 തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2026 നവംബർ 3 നടക്കുന്ന നാമനിർദ്ദേശ പത്രിക സൂക്ഷ്മപരിശോധനയിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ, സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail:ku.release@keralauniversity.ac.in